പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 729

15-07-14 – ൽ മറുപടിയ്ക്ക്

**മത്സ്യത്തൊഴിലാളികൾക്ക് ഉൽപാദന ബോണസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. കെ.കെ.നാരായണൻ: ശ്രീ.സി.കെ.സദാശിവൻ: ശ്രീ.കെ.ദാസൻ: ശ്രീ.കെ.വി.അബ്ദുൾ ഖാദർ:** | | **ശ്രീ. കെ. ബാബു മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| (എ) | മത്സ്യോത്പാദന വർദ്ധനവിനും വരുമാന വർദ്ധനവിനുമായി മത്സ്യത്തൊഴിലാളികൾക്ക് ഉല്പാദന ബോണസ് അനുവദിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | മത്സ്യത്തൊഴിലാളികൾക്ക് ഉൽപ്പാദന വർദ്ധനവിനും വരുമാന വർദ്ധനവിനുമായി ഉൽപ്പാദന ബോണസ് അനുവദിക്കുവാനുള്ള ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതിനായി 2 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി ഇപ്പോൾ നടപ്പിലാക്കി തുടങ്ങിയിട്ടില്ല. |
| ബി) | ഉല്പാദന ബോണസ് പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; പദ്ധതിക്ക് ഭരണാനുമതി നൽകിയത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ; | (ബി) | മത്സ്യോത്പാദന വർദ്ധനവിനും വരുമാന വർദ്ധനവിനുമായി മത്സ്യത്തൊഴിലാളികൾക്ക് ഉൽപാദന ബോണസ് നൽകുന്നത് സംബന്ധിച്ച് മത്സ്യഫെഡ് തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്. ആയതിന്മേൽ അന്തിമ തീരുമാനം ആയശേഷം ഭരണാനുമതി നൽകുന്നതും പദ്ധതി പ്രാവർത്തികമാക്കുന്നതുമാണ്. |
| സി) | ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ നിന്ന് എത്ര ശതമാനം തുക ഇതിനകം ഉല്പാദന ബോണസായി നൽകുകയുണ്ടായെന്ന് വ്യക്തമാക്കുമോ ? | സി) | പദ്ധതി നടപ്പിലാക്കി തുടങ്ങിയിട്ടില്ലാത്തതിനാൽ ഉൽപാദന ബോണസ് നൽകിത്തുടങ്ങിയിട്ടില്ല. |

Jeyasree

**സെക്ഷൻ ഓഫീസർ**